5U236 (Pages: 2) Name....................

Reg. No.................

# SECOND SEMESTER B.A. DEGREE EXAMINATION, JUNE 2016

## (CUCBCSS – UG)

(Core Course: Malayalam)

## CC15U MAL2 B02 – മലയാളചെറുകഥാസാഹിത്യം

(2015 Admission)

സമയം: **3** മണിക്കൂർ പരമാവധി **80** മാർക്ക്

**I.** ഓരോന്നിനും ഒറ്റ വാക്കിൽ ഉത്തരമെഴുതുക.

1. മലയാളത്തിലെ ആദ്യ ചെറുകഥ ഏത് ?
2. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡിനർഹമായ ടി.പത്മനാഭന്റെ കൃതി ഏത് ?
3. 'കഥാസരിത്സാഗരം' എഴുതിയതാര് ?
4. 'വാസ്തുഹാരാ' എന്ന സിനിമ സംവിധാനം ചെയ്തതാര് ?
5. കണ്ണാന്തളിപ്പൂക്കളുടെ കാലം - ആരുടെ ആത്മകഥയാണ് ?
6. മറിയാമ്മ തുണ്ടത്തിൽ എന്ന കഥാപാത്രം ഏതു കഥയിലുള്ളതാണ് ?
7. '' ഒരുപക്ഷേ, എന്റെ ഈ കൈകളിൽ തൂങ്ങിക്കിടന്ന് യഹൂദന്മാരുടെ രക്ഷകൻ ഇന്നു മരിച്ചു.'' -ആരുടെ വാക്കുകൾ ?
8. '' ദൈവഭക്തിയല്ല എനിക്കുള്ളത്. പച്ചയായ മനുഷ്യസ്നേഹം.'' -ആരുടെ വാക്കുകൾ ?
9. മനുഷ്യവർഗ്ഗത്തെ പോലീസുകാരും കുറ്റവാളികളും എന്നു വർഗ്ഗീകരിച്ച മലയാളകഥാകാരൻ ആര് ?
10. ''നമ്മുടെ മോന് ഒരു സുഹൃത്തുണ്ടാവരുത്. അഥവാ ഉണ്ടായാൽത്തന്നെ സുഹൃത്തിനെ സ്നേഹിക്കുന്ന ഒരു മനസ്സ് അവനുണ്ടാവുകയേ അരുത്'' ഈ വാക്കുകൾ ഏതു കഥയിലേതാണ് ?

**(10 x ½ = 5 മാർക്ക്)**

**II.** ഒന്നോ രണ്ടോ വാക്യത്തിലുത്തരമെഴുതുക.

11. ''അയാൾ ചുരണ്ടിയെടുത്തത് എന്റെ തലമുടിയല്ലായിരുന്നു. എന്റെ ആത്മാവായിരുന്നു.'' ഇങ്ങനെ ചിന്തിക്കുന്നതാര് ? എന്തുകൊണ്ട് ?
12. 'ഭ്രാന്ത്' എന്ന കഥയിലെ പ്രമേയം എന്ത് ?
13. ''നീ സ്നേഹിതന്മാരോട് ആത്മാർത്ഥത കാണിക്കുകയേ അരുത്. അതപകടമാണ്.'' സന്ദർഭം എഴുതുക.
14. ഭക്ഷണവും ജാതിയും തമ്മിലുള്ള ബന്ധത്തിന്റെ പ്രസക്തി പന്തിഭോജനത്തിൽ ആവിഷ്കരിക്കുന്നതെങ്ങനെ ?
15. രാമുവിന്റെ മരണം എങ്ങനെയായിരുന്നു.?

**(5 x 2 = 10 മാർക്ക്)**

**III.** നൂറ്റമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

16. മലയാള ചെറുകഥാ സാഹിത്യത്തിന് കേസരി ബാലകൃഷ്ണപിള്ള നല്കിയ സംഭാവന എന്ത് ?
17. 'മകൻ' എന്ന കഥയുടെ ആഖ്യാനത്തിൽ തെളിയുന്ന ആത്മനിഷ്ഠ ഭാവം വെളിപ്പെടുത്തുക.
18. ആത്മീയതയിൽനിന്നും അകലുന്ന മതങ്ങളുടെ അധികാര രാഷ്ട്രീയം മുകുന്ദൻ എങ്ങനെയാണ് 'മുണ്ഡനം ചെയ്യപ്പെട്ട ജീവിതം' എന്ന കഥയിൽ ചിത്രീകരിക്കുന്നത് ?
19. 'ഉതുപ്പാന്റെ കിണർ' എന്ന കഥയിലെ സാമൂഹിക പരിസരം വ്യക്തമാക്കുക.
20. ബഷീറിന്റെ 'ടൈഗർ' എന്ന കഥ ഒരു 'രാഷ്ട്രീയഅലിഗറി'യാണോ ?വിചിന്തനം ചെയ്യുക.
21. 'ആർക്കറിയാം' എന്ന കഥയിലെ ആഖ്യാനത്തിന്റെ സവിശേഷത വ്യക്തമാക്കുക.

22. ഭ്രാന്തിയായ സഹോദരിയെ കാണാൻ ആഖ്യാതാവ് പോകാതിരിക്കാനുള്ള കാരണങ്ങളേവ ?

**(5 x 5 = 25 മാർക്ക്)**

**IV. ഏതെങ്കിലും നാലു ചോദ്യത്തിന് ഉപന്യാസരൂപത്തിൽ ഉത്തരമെഴുതുക.**

23. അസ്തിത്വത്തിന്റെ തീവ്ര വ്യഥയാണ് മുകുന്ദന്റെ 'മുണ്ഡനം ചെയ്യപ്പെട്ട ജീവിതം' കൈകാര്യം ചെയ്യുന്നത്. ചർച്ച ചെയ്യുക.
24. ആദ്യകാല ചെറുകഥകളുടെ സവിശേഷത വെളിപ്പെടുത്തി 'ദ്വാരക' എന്ന കഥയെ വിലയിരുത്തുക.
25. ഗ്രാമജീവിതത്തിന്റെ നേർചിത്രമാണ് ശിലാലിഖിതം എന്ന കഥ. വിചിന്തനം ചെയ്യുക.
26. ദലിത് കഥകളുടെ പ്രത്യേകതകൾ ചൂണ്ടിക്കാട്ടി സി. അയ്യപ്പന്റെ കഥകൾ ഈ വിഭാഗത്തിൽ ഉൾപ്പെടുത്താമോ എന്നു പരിശോധിക്കുക.
27. മാനവികതയുടെ വീണ്ടെടുപ്പാണ് 'നാലാം യാമ'ത്തിന്റെ കഥാതന്തു. വിശദമാക്കുക.
28. അധിനിവേശത്തിന്റെ ഉപഭോഗസ്വഭാവം സുഭാഷ് ചന്ദ്രന്റെ തല്പം എന്ന കഥയെ മുൻനിർത്തി വിശദീകരിക്കുക.

**(4 x 10 = 40 മാർക്ക്)**

*******